# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## കരട് രേഖ

*കോഴിക്കോട് ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്*

## *കോഴിക്കോട് ജില്ലയിൽ മാവൂർ-എൻ.ഐ.ടി – കൊടുവള്ളി റോഡ് വികസനത്തിനായി കോഴിക്കോട് താലൂക്കിലെ മാവൂർ, പൂളക്കോട്, ചാത്തമംഗലം വില്ലേജുകളിൽ നിന്നും താമരശേരി താലൂക്കിലെ കൊടുവള്ളി വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ*

*04 നവംബർ 2024*

*അർത്ഥനാധികാരി*


എക്സിക്യൂട്ടിവ് എഞ്ചിനീയർ
കേരള റോഡ് ഫണ്ട് ബോർഡ്– പി.എം.യു
എ–16, വൃന്ദാവൻ കോളനി
ചേവായൂർ പി.ഒ., കോഴിക്കോട്
ഫോൺ: 0495 2992620
ഇമെയിൽ: eekkdwyd.pmu@krfb.org


*ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ*


സ്പെഷ്യൽ തഹസിൽദാർ
എൽ. എ.യൂണിറ്റ്
KRDCL
മലാപറമ്പ് പി.ഒ.
കോഴിക്കോട്
ഇമെയിൽ:krailkkd@gmail.com


*സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്*


രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി പി.ഒ.,
കളമശ്ശേരി, പിൻ –683104
ഫോൺ: 0484 2911330–332/2550785

rajagirisia@gmail.com
www.rajagiri.edu

# ഉള്ളടക്കം

**അദ്ധ്യായം 1 : പഠനത്തിന്റെ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു താൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറിങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിന്റെ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിന്റെ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്റേത് മാത്രമല്ല)

4.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതിബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അളവും പ്രദേശവും

4.7 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസ കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെപരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവനഘടകങ്ങൾ

6.7 കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ടിതമായ പൗരസംഘടനകൾ

6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം ('Social Impact Management Plan)**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാകാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 സാമൂഹ്യ പ്രത്യാഘാതലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം**

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം –രൂപരേഖ

**അദ്ധ്യായം 11 : ഭൂമിയേറ്റെടുക്കലിൽ ഉണ്ടാകുവാനിടയുള്ള ചെലവുകളുടെയും നേട്ടങ്ങളുടെയും വിശകലനവും ശുപാർശയും**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**


1.3.1. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

1.5.1. ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ

3.1.1. പഠന സംഘം

3.5.1. പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ

4.8.1 ഭൂവുടമകൾക്ക് പദ്ധതി പ്രദേശത്ത് ആകെ കൈവശമായ ഭൂമി

4.8.2 ഭൂവുടമകൾക്ക് പദ്ധതി ബാധിത വസ്തു കൈവശമായ കാലാവധി

6.1.1. പദ്ധതിപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2.1 പദ്ധതി ബാധിത കുടുംബങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗം

7.6.1. സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും


**ചിത്രങ്ങൾ**


4.7.1. പദ്ധതി ബാധിത ഭൂമിയുടെ തരം

4.7.2. പദ്ധതി ബാധിത ഭൂമിയുടെ നിലവിലെ ഉപയോഗം

6.2.1. പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായ റേഷൻ കാർഡിൻെറ വിവരങ്ങൾ

6.2.2. പദ്ധതിബാധിത കുടുംബൺഗളിലെ വരുമാനദാതാക്കളുടെയും ആശ്രിതരുടെയും അനുപാതം

67.1. പദ്ധതിബാധിത കുടുംബങ്ങളുടെ മതം

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും പൊതുആവശ്യവും

ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ ഉതകുന്ന വിധത്തിൽ മികവുറ്റ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് രാജ്യത്തിൻെറ അഭിവൃദ്ധിക്ക് അത്യന്താപേക്ഷിതമാണ്. സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ നൂതന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ കാലാനുസൃതമായി നവീകരിക്കുക എന്നതും ഏറെ പ്രാധാന്യമർഹിക്കുന്നു. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് ഒരു മുൻ ഉപാധിയാണ്. ആയതിനാൽ റോഡുകൾ, പാലങ്ങൾ, റെയിലുകൾ എന്നിവ ഉൾപ്പടെയുള്ള ഗതാഗത അനുബന്ധ സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുന്നതിൽ മാറി മാറി വരുന്ന ഭരണ സംവിധാനങ്ങൾ ശ്രദ്ധ ചെലുത്തുന്നുണ്ട്

കോഴിക്കോട് ജില്ലയിലെ 13.09 കി.മീറ്റർ നീളത്തിലുള്ള മാവൂർ–എൻ.ഐ.ടി.–കൊടുവള്ളി റോഡ് മതിയായ സൗകര്യത്തോടു കൂടി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണ് ഇത്. കോഴിക്കോട് ജില്ലയിൽ എൻ.ഐ.ടി., വിമാനത്താവളം, കെ.എം.സി.ടി. മെഡിക്കൽ കോളേജ്, എം.വി.ആർ.ക്യാൻസർ സെൻറർ എന്നീ സ്ഥാപനങ്ങളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പോകുന്നതിന് ഒട്ടേറെ പേർ ആശ്രയിക്കുന്ന റോഡാണ് മാവൂർ–എൻ.ഐ.ടി.–കൊടുവള്ളി റോഡ്. കുന്നമംഗലം, കൊടുവള്ളി നിയോജക മണ്ഡലങ്ങളിലൂടയാണ് ടി റോഡ് കടന്നുപോകുന്നത്. IRC സ്റ്റാൻഡേർഡിലല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള പ്രസ്തുത റോഡിൽ മഴവെള്ളം ഒഴുകിപോകുന്നതിനുള്ള ഡ്രെയിനേജ് ഇല്ല. ആയതിനാൽ മഴക്കാലത്ത് റോഡ് പലയിടങ്ങളിലും പൊട്ടിപൊളിഞ്ഞ് ഗതാഗത യോഗ്യമല്ലാതായി തീരുന്നതു മൂലം അപകടങ്ങൾക്ക് കാരണമാകുന്നു. മാവൂർ–എൻ.ഐ.ടി.–കൊടുവള്ളി റോഡ് മതിയായ സൗകര്യങ്ങളോടു കൂടി വികസിപ്പിക്കണമെന്നത് വളരെ വർഷങ്ങളായ് പ്രദേശവാസികൾ ഉന്നയിച്ചു കൊണ്ടിരിക്കുന്ന ആവശ്യമാണ് എന്ന് മനസിലാക്കുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി നടത്തിയ

സാമൂഹ്യ സാമ്പത്തിക സർവ്വെയിലും അഭിമുഖങ്ങളിലും പദ്ധതിബാധിത ഭൂവുടമകളും ജനപ്രതിനിധികളും റോഡ് വികസനം ഒരു അടിയന്തിര ആവശ്യമായി കണ്ട് നടപ്പിലാക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

## 1.2. പദ്ധതി പ്രദേശം

കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിലെ മാവൂർ, പൂളക്കോട്, ചാത്തമംഗലം വില്ലേജുകളിലും താമരശേരി താലൂക്കിലെ കൊടുവള്ളി വില്ലേജിലും ഉൾപ്പെടുന്ന ഏകദേശം 0.934 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിരിക്കുന്നത്. കൊടുവള്ളി മുനിസിപ്പാലിറ്റിയിലെ 15, 19, 20, 23, 27, 28 ഡിവിഷനുകളിലും, ചാത്തമംഗലം പഞ്ചായത്തിലെ 2, 5, 6, 12, 13, 14, 21, 23 വാർഡുകളിലും, മാവൂർ പഞ്ചായത്തിലെ 7, 8, 9, 10, 12, 13 വാർഡുകളിലും ഉൾപ്പെടുന്നവയാണ് പദ്ധതി പ്രദേശങ്ങൾ. മാവൂർ–എൻ.ഐ.ടി.–കൊടുവള്ളി റോഡിന് ഇരുവശങ്ങളിലുമുള്ള വീടുകളോടും കടകളോടും, മോസ്ക്കുകൾ, സ്ക്കൂൾ തുടങ്ങിയ സ്ഥാപനങ്ങളോടും അനുബന്ധമായി കിടക്കുന്ന ഭൂമിയും, കൃഷിയിടങ്ങളുമാണ് ഏറ്റെടുക്കപ്പെടുന്നത്. എൻ.ഐ.ടി, എം.വി.ആർ.ക്യാൻസർ സെൻറർ എന്നീ സ്ഥാപനങ്ങളും പദ്ധതി പ്രദേശത്തിന് സമീപത്തായി സ്ഥിതി ചെയ്യുന്നു.

## 1.3. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

കോഴിക്കോട് ജില്ലയിൽ മാവൂർ–എൻ.ഐ.ടി.–കൊടുവള്ളി റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി കോഴിക്കോട് താലൂക്കിലെ മാവൂർ, പൂളക്കോട്, ചാത്തമംഗലം വില്ലേജുകളിലും താമരശേരി താലൂക്കിലെ കൊടുവള്ളി വില്ലേജിലും ഉൾപ്പെടുന്ന ഏകദേശം 0.934 ഹെക്ടർ ഭൂമി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ട് ടി ഭൂമി RFCTLARR ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് തീരുമാനിച്ചതായി അറിയിച്ചുകൊണ്ട് കോഴിക്കോട് ജില്ലാ കളക്ടറുടെ 2024 ജൂലൈ 8 തീയതിയിലെ വിജ്ഞാപനം നമ്പർ DCKKD/8275/2022/B4, 2024 ജൂലൈ 10 തീയതിയിലെ 2225 നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം അനുസരിച്ച് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരങ്ങൾ പട്ടിക 1.3.1.ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.3.1.: ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**

**ജില്ല : കോഴിക്കോട്**

| **താലൂക്ക്** | **വില്ലേജ്** | **ദേശം** | **റീസർവ്വെ നമ്പർ** |
|---|---|---|---|
| കോഴിക്കോട് | മാവൂർ | മാവൂർ | 11/2A, 11/3A, 11/4A, 13/3, 19/1B, 22/4, 109/1A, 110/1B, 112/1B, 112/3C. |
| കോഴിക്കോട് | മാവൂർ | അടുവാട് | 1/2, 1/5, 1/4B, 1/6, 5/1, 8/1A, 8/1B, 9/1, 9/2A, 11/2, 18/1, 14/1, 14/5, 42/1A, 42/2, 43/2, 44/1A, 44/1B, 48/2, 53/1A, 54/1, 54/4A, 54/4B, 54/6B, 55/4B. |
| കോഴിക്കോട് | മാവൂർ | കണ്ണിപറമ്പ് | 42/1B, 43/1, 46/1B, 48/2 |
| കോഴിക്കോട് | മാവൂർ | ചൂലൂർ | 256/2A, 256/5D, 256/2B, 259/4, 259/5, 260/3, 263/1, 262/1A, 262/1B/4, 262/2, 262/4 , 262/5, 282/1A2, 282/6, 283/5, 284/1A, 284/1B, 284/3, 284/4, 285/1, 286/2, 286/3A, 286/4, 288/1B, 288/3A, 289/2, 289/3, 290/1, 290/2, 293/1, 293/2, 293/3, 293/4, 294/1, 294/2, 299/1, 301/1, 302/1 |
| കോഴിക്കോട് | പൂളക്കോട് | ചൂലൂർ | 115/1, 116/1, 116/3, 116/4, 122/1, 122/2A, 122/2B, 123/4A, 123/4B, 58/2, 58/3D2A, 58/3D2B, 57/1, 57/2, 57/7, 64/1, 64/2, 64/5, 65/1, 65/2, 68/1, 68/3, 120/1, 120/2A, 120/2B, 119/1, 119/4, 113/1, 113/5, 113/6, 110/1 |
| കോഴിക്കോട് | പൂളക്കോട് | പൂളക്കോട് | 2/1, 2/3, 26, 3/1A, 3/1B, 3/3, 43/5, 43/2B, 54/3A, 54/3B, 55/2B, 55/4, 57/2B, 72/1, 72/2, 72/4, 73/4B, 73/4D1, 73/4D2, 73/1, 73/2, 73/5, 73/6, 73/7, 76/2A, 76/2B, 76/4, 78/2B, 78/3, 78/2A, 78/5, 79/1A, 79/2B |
| കോഴിക്കോട് | ചാത്തമംഗലം | ചാത്തമംഗലം | 68/1A2C, 68/1A2B, 67/4 |
| കോഴിക്കോട് | ചാത്തമംഗലം | മലയമ്മ | 29/2, 29/3 |
| കോഴിക്കോട് | ചാത്തമംഗലം | പുള്ളന്നൂർ | 5/5, 5/6, 8/1, 8/7, 9/1, 11/2, 13/1, 25/1A, 25/1B, 26/2B, 15/3, 17/5 |
| താമരശ്ശേരി | കൊടുവള്ളി | തലപെരുമണ്ണ | 1/1, 2/1, 2/2, 6/1, 6/2, 7/1, 7/2, 9/2, 9/3, 9/4, 15/1, 15/2, 15/3, 15/4, 15/6, 16/2, 18/5, 23/1A, 23/1B, 24/1, 24/2, 24/3, 24/4, 27/1, 27/2, 28/1, |

| | | | |
|---|---|---|---|
| | | | 28/2, 29/2, 29/3, 29/4, 35/4, 35/5, 36/5, 36/6, 43/1, 43/2, 43/3B, 43/5 |
| താമരശ്ശേരി | കൊടുവള്ളി | പറമ്പത്ത്കാവ് | 73/1, 73/2, 73/4, 76/2, 76/3A, 76/3B, 95/1, 96/1, 99/1, 99/3, 101/1, 101/2, 101/3A, 101/3B, 101/4B, 101/7, 102/1A2 , 102/1A1, 102/1B, 102/2, 102/4, 105/3B, 105/4, 105/6B, 109/4, 109/1, 148/5, 148/7, 149/5A, 149/5B, 151/3, 151/4, 152/4, 152/5, 158/4, 158/5, 158/6A, 159/1A, 159/1B, 160/2, 160/3, 160/6, 162/1A, 162/1B, 162/2, 162/3, 163/1, 163/2, 110/1 |
| താമരശ്ശേരി | കൊടുവള്ളി | കൊടുവള്ളി | 60/1, 60/2 |
| ***ആകെ വിസ്തീർണ്ണം (ഏകദേശം)*** | | | ***0.9345 ഹെക്ടർ*** |

## 1.4. പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

പ്രദേശത്ത് നിലവിലുള്ള റോഡിൻെറ വികസന പദ്ധതിയായതിനാൽ ഇതരമാർഗങ്ങളുടെ പരിഗണന അപ്രസക്തമാണ്

## 1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

മാവൂർ-എൻ.ഐ.ടി.-കൊടുവള്ളി റോഡ് മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടെ വിസ്തൃതമാക്കിക്കൊണ്ട് സുരക്ഷിതവും സുഗമവുമായ ഗതാഗതം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും പദ്ധതിപ്രദേശവുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർക്കും വിവിധങ്ങളായ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ട്.

സാമൂഹ്യ സാമ്പത്തിക സർവ്വെയിൽ വിവരദാതാക്കൾ നൽകിയ വിവരമനുസരിച്ചും, പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൻെറ അടിസ്ഥാനത്തിലും, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലും ഭൂവുടമകൾക്കും പൊതുസമൂഹത്തിനും ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ പ്രത്യാഘാതങ്ങൾ പട്ടിക 1.5.1. ൽ വിലയിരുത്തുന്നു

*പട്ടിക 1.5.1. പദ്ധതി മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ*

| *ക്രമനമ്പർ* | *പ്രത്യാഘാതം* | *എണ്ണം* | *വിശദീകരണം* |
|---|---|---|---|
| 1 | കൈവശഭൂമിയിൽ കുറവ് വരുന്നു | 204 ൽ കൂടുതൽ ഉടമകൾ | കൊടുവള്ളി വില്ലേജ് – 86<br>മാവൂർ വില്ലേജ് – 41<br>പൂളക്കോട് വില്ലേജ് – 59<br>ചാത്തമംഗലം വില്ലേജ് – 18 |
| 2 | വീടുകൾ പദ്ധതി ബാധിതമാകൽ | 1 ഉടമ | വാടകക്ക് നൽകിയിരിക്കുന്ന ഒരു വീട് ഏതാണ്ട് ഭാഗികമായി നഷ്ടമാകുന്നു |
| 3 | കടകൾ ഉൾപ്പടെയുള്ള കെട്ടിടങ്ങൾ പദ്ധതിബാധിതമാകൽ | 10 ഉടമകൾ | 9 കടകളുടെയും 1 അംഗനവാടി കെട്ടിടത്തിൻെറയും മുൻ ഭാഗം ചെറിയ തോതിൽ പൊളിക്കേണ്ടി വന്നേക്കാം |
| | | 12 ഉടമകൾ | കടകളുടെ മുൻവശത്തെ ഷീറ്റിട്ട ചാർത്ത് നഷ്ടമാകുന്നു |
| | | | കെട്ടിടങ്ങളോട് ചേർന്ന് പദ്ധതി രൂപരേഖ വരുന്നതിനാൽ പാർക്കിങ്ങ് നഷ്ടമാകുന്നു |
| 4 | ഉപജീവനമാർഗം പദ്ധതിബാധിതമാകൽ | 3 കുടുംബങ്ങൾ | പദ്ധതിബാധിതമാകുന്ന വീടിൻെറ വാടക നഷ്ടമാകുന്നു (1) പെട്ടിക്കട നഷ്ടമാകുന്നു (1), മുറ്റം നഷ്ടമാകുന്നത് മൺപാത്ര നിർമ്മാണത്തെ ബാധിക്കും (1) |
| | | 9 ഉടമകൾ | ചെറിയ തോതിൽ പദ്ധതിബാധിതമാകുന്ന കടകൾക്ക് അറ്റകുറ്റ പണി വേണ്ടി വരുന്നതിനാൽ പ്രസ്തുത ഘട്ടത്തിൽ ഉപജീവന മാർഗം തടസപ്പെടുവാൻ സാധ്യതയുണ്ട് |
| 5. | അടിസ്ഥാന സൗകര്യങ്ങൾ നഷ്ടമാകൽ | 6 ഉടമകൾ | സെപ്റ്റിക് ടാങ്ക് (3), ശുചിമുറി (1), കിണർ (3), കുഴൽകിണർ (2) |
| 6 | മറ്റ് നിർമ്മിതികൾ നഷ്ടമാകൽ | 100 ഉടമകൾ | ചുറ്റുമതിലും ഗേറ്റും (90), കൽകെട്ട് (10) |
| 7 | സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളുടെ വസ്തുവകകൾ പദ്ധതിബാധിതമാകൽ | 5 സ്ഥാപനങ്ങൾ | കൊടുവള്ളി മുനിസിപ്പാലിറ്റിയുടെയും മാവൂർ പഞ്ചായത്തിൻെറയും ഉടമസ്ഥതയിലുള്ള വസ്തുക്കൾ, ഗവൺമെൻറ് മാപ്പിള എൽ.പി.സ്ക്കൂൾ, തലപെരുമണ്ണ, എയ്ഡഡ് എൽ.പി.സ്ക്കൂൾ ചൂലൂർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് |

| | | | |
|---|---|---|---|
| | | | ടെക്നോളജി എന്നിവയുടെ ചുറ്റു മതിൽ |
| 8 | ആദ്ധ്യാത്മിക സ്ഥാപനങ്ങളുടെ വസ്തുവകകൾ പദ്ധതിബാധിതമാകൽ | 7 സ്ഥാപനങ്ങൾ | 1. കൈത്തുട്ടിമുക്ക് ഏരിയ മുസ്ലീം ജുമായത്ത് കമ്മിറ്റി<br>2. ചൂലൂർ വെള്ളലശേരി ജുമായത്ത് പള്ളി<br>3. കൊട്ടിമുക്ക് ജുമാ മസ്ജിദ്<br>4. കിഴക്കം പറമ്പ് ജുമാമസ്ജിദ് & ദർസ് പള്ളി<br>5. വെള്ളലശേരി ജുമാമസ്ജിദ്<br>6. മസ്ജിദുൽ സലാം, തലപെരുമണ്ണ<br>7. കീപ്പൊയിൽ പള്ളി, കൊടുവള്ളി |
| 9 | വൃക്ഷങ്ങൾ പദ്ധതിബാധിതമാകൽ | 48 ഉടമകൾ | പദ്ധതിപ്രദേശത്തെ തെങ്ങ്, തേക്ക്, റബർ, മഹാഗണി, മാവ്, പ്ലാവ് തുടങ്ങിയ ഫലദായകവും അല്ലാത്തതുമായ 200 ൽ അധികം വൃക്ഷങ്ങൾ പദ്ധതി നിർമ്മാണത്തിനായി വെട്ടിമാറ്റേണ്ടി വരും. |

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൻെറയും, സാമൂഹ്യ-സാമ്പത്തിക സർവെയിലൂടെ ഭൂവുടമകളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ, പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുണ്ടെന്ന് കണ്ടെത്തിയ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ കൂടാതെ പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം, പൊടിശല്ല്യം എന്നിവയും ലഘൂകരിക്കപ്പെടേണ്ട പ്രത്യാഘാതങ്ങളായി കാണേണ്ടതാണ്.

## 1.6. ലഘൂകരണ നടപടികൾ

കോഴിക്കോട് ജില്ലയിൽ മാവൂർ-എൻ.ഐ.ടി.-കൊടുവള്ളി റോഡ് വികസനത്തിനായി മാവൂർ, കൊടുവള്ളി, ചാത്തമംഗലം,പൂളക്കോട് വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള മേൽവിവരിച്ച പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന ലഘൂകരണ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പ്രകാരം ഭൂമിയ്ക്കും ഭൂമിയോട് ചേർന്നുള്ള ചമയങ്ങൾക്കും ആസ്തികൾക്കും നഷ്ടപരിഹാരം നൽകുക

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 29/12/2017 തീയതിയിലെ G.O(MS) No.448/ 2017/RD) പ്രകാരം ഉപജീവനമാർഗം നഷ്ടമാകുന്ന ഭൂവുടമകൾക്കും പദ്ധതി പ്രദേശത്തെ ആശ്രയിച്ചു ജീവിക്കുന്ന മറ്റ് വ്യക്തികൾക്കും പുനരധിവാസ- പുനസ്ഥാപന പാക്കേജ് നൽകുക.

***പ്രത്യാഘാത ലഘൂകരണത്തിനായി കൈക്കൊള്ളേണ്ടുന്ന നിയമാനുസൃതമായ നടപടികളോടൊപ്പം താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കപ്പെടേണ്ടതാണെന്ന് എസ്.ഐ.എ.യൂണിറ്റ് ശുപാർശ ചെയ്യുന്നു.***

- ഭൂമി ഏറ്റെടുക്കലിൻെറ ഭാഗികമായി അറ്റകുറ്റപണി ആവശ്യമായി വരുന്ന കെട്ടിടങ്ങളിൽ കച്ചവടം ഉൾപ്പടെയുള്ള ഉപജീവന പ്രവർത്തനങ്ങൾ നടത്തുന്നവർക്ക്, പ്രസ്തുത കാലഘട്ടത്തിൽ ഉപജീവനം തടസപ്പെടുന്ന സാഹചര്യമുണ്ടായാൽ, നിജസ്ഥിതി പരിശോധിച്ച്, ടി കാലഘട്ടത്തിലേക്കാവശ്യമായ ഉപജീവനത്തിന് നഷ്ടപരിഹാരമോ ബദൽ മാർഗമോ നൽകേണ്ടതാണ്.
- പാർക്കിങ്ങ് ഏരിയ നഷ്ടമാകുന്ന വ്യാപാര സ്ഥാപനങ്ങൾക്ക്, ടി കെട്ടിടങ്ങളിൽ നടക്കുന്ന വ്യാപാരങ്ങളുടെ സ്വഭാവമനുസരിച്ച്, നിജസ്ഥിതി പരിശോധിച്ച്, സാധ്യമായ പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ മാവൂർ–എൻ.ഐ.ടി–കൊടുവള്ളി റോഡിലെ ഗതാഗതം തടസപ്പെടാതിരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപേ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്
- .പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള വീടുകളിലേക്കും, കടകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ പദ്ധതി പ്രദേശത്ത് ഉപേക്ഷിക്കാതിരിക്കുന്നതിനും, യഥാസമയം ശാസ്ത്രീയമായ് നിർമാർജ്ജനം ചെയ്യുന്നതിനുമുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- പദ്ധതിനിർമ്മാണ ഘട്ടത്തിൽ പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിന് സാധ്യമായ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുക

# അദ്ധ്യായം 2
# പഠനത്തിൻെറ വിശദ വിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കേരള സർക്കാരിൻെറ 2017-18 വർഷത്തിലെ ബഡ്ജറ്റ് അവതരണത്തിൽ ഉൾപ്പെടുത്തപ്പെട്ടിരുന്ന കിഫ്ബി പദ്ധതികളിൽ, 180 റോഡുകളുടെ ലിസ്റ്റിൽ ക്രമനമ്പർ 57 ആയി ഉൾപ്പെടുത്തപ്പെട്ടിരുന്ന പദ്ധതിയാണ് മാവൂർ-എൻ.ഐ.ടി.-കൊടുവള്ളി റോഡ് വികസനം. നിർദ്ദിഷ്ട പദ്ധതി കിഫ്ബി ഫണ്ട് ചെലവഴിച്ച് നടപ്പിലാക്കുന്നതിന് കേരള സർക്കാർ പൊതുമരാമത്ത് വകുപ്പ് 10/07/2017 തീയതിയിലെ G.O.(Rt)No.942/2017/PWD ഉത്തരവിലൂടെ ഭരണാനുമതി നൽകി. പദ്ധതി നിർവ്വഹണത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള റോഡ് ഫണ്ട് ബോർഡിനെയും ടി ഉത്തരവിലൂടെ ചുമതലപ്പെടുത്തിയിരിക്കുന്നു. കേരള റോഡ് ഫണ്ട് നിയമ പ്രകാരം 2001 ൽ കേരള സർക്കാർ രൂപീകരിച്ച സംവിധാനമാണ് കേരള റോഡ് ഫണ്ട് ബോർഡ്. കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പിൻെറ ബഡ്ജറ്റ് ഇതര ഫണ്ടുകളുടെ മേൽനോട്ടം വഹിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സംസ്ഥാനത്തിലെ റോഡുകളും മറ്റ് ഇതര സൗകര്യങ്ങളും വികസിപ്പിക്കുന്നതിനുമായി അത്തരം ഫണ്ടുകൾ സംഘടിപ്പിക്കുന്നതിനും വേണ്ടിയാണ് പ്രാഥമികമായി കേരള റോഡ് ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. പിന്നീട് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 15.02.2020 തീയതിയിലെ നടപടിക്രമം ഉത്തരവ് PWD015-56/APR-5/2020/KIIFB പ്രകാരം, ഭൂമി ഏറ്റെടുക്കലിനുള്ള ചെലവ് ഉൾപ്പടെ നിർദ്ദിഷ്ട പദ്ധതിക്ക് 52.20 കോടി രൂപ അനുവദിച്ചു.

പദ്ധതിയുടെ ഭൂമിഏറ്റെടുക്കൽ നടപടികൾക്കായി കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റ്, കോഴിക്കോട്/വയനാട് യൂണിറ്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ 8/7/2022 തീയതിയിൽ കോഴിക്കോട് ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചു. അതിനെ തുടർന്ന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ.യൂണിറ്റ്, കെ.ആർ.ഡി.സി.എൽ, മലാപറമ്പ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ ഓഫീസറായി ജില്ലാ കളക്ടറാൽ നിയോഗിക്കപ്പെട്ടു.

RFCTLARR നിയമം 2013 സെക്ഷൻ 4 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരിയെ ചുമതലപ്പെടുത്തിക്കൊണ്ടും, പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുവാൻ സാധ്യതയുള്ള ഭൂമിയുടെ സർവ്വെ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ പരസ്യപ്പെടുത്തിക്കൊണ്ടുമുള്ള കോഴിക്കോട് ജില്ലാ കളക്ട റുടെ 8/7/2024 തീയതിയിലെ DCKKD/8275/2022/B4 ഫോറം നമ്പർ 4 വിജ്ഞാപനം 2024 ജൂലൈ 10 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2225 വാല്യം 13 ൽ പ്രസിദ്ധപ്പെടുത്തി.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

കോഴിക്കോട് ജില്ലയിലെ മാവൂർ-എൻ.ഐ.ടി.-കൊടുവള്ളി റോഡിൻെറ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണണമെന്നത് പ്രദേശവാസികൾ ദീർഘകാലമായി ഉന്നയിച്ചു കൊണ്ടിരിക്കുന്ന ഒരു ആവശ്യമാണ്. IRC സ്റ്റാൻഡേർഡിലല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള പ്രസ്തുത റോഡിൽ മഴവെള്ളം ഒഴുകിപോകുന്നതിനുള്ള ഡ്രെയിനേജ് ഇല്ല. ആയതിനാൽ മഴക്കാലത്ത് റോഡ് പലയിടങ്ങളിലും പൊട്ടിപൊളിഞ്ഞ് ഗതാഗത യോഗ്യമല്ലാതായി തീരുന്നതുമൂലം അപകടങ്ങൾക്ക് കാരണമാകുന്നു. ആയതിനാൽ മാവൂർ-എൻ.ഐ.ടി. -കൊടുവള്ളി റോഡ് മതിയായ സൗകര്യത്തോടുകൂടി വികസിപ്പിക്കുക എന്നത് പ്രദേശത്തിൻെറ ഒരു അടിയന്തിര ആവശ്യമാണ് എന്ന് മനസിലാക്കുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 സെക്ഷൻ 2 ൽ ടി നിയമം ബാധകമായിട്ടുള്ള പൊതു ആവശ്യങ്ങൾ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. സെക്ഷൻ 2ൽ ഉപവകുപ്പ് (ബി) പ്രകാരം രാജ്യത്തിൻെറ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ടി നിയമം ബാധകമാണ്. ആയതിനാൽ നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 2(b)( i) പ്രകാരം ഒരു പൊതു ആവശ്യമാണ്.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2024 ജൂലൈ 10 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2225 വാല്യം 13 ൽ പ്രസിദ്ധപ്പെടുത്തിയ കോഴിക്കോട് ജില്ലാ കളക്ടറുടെ 8/7/2024 തീയതിയിലെ DCKKD/8275/2022/B4 ഫോറം നമ്പർ 4 വിജ്ഞാപനം അനുസരിച്ച് മാവൂർ- എൻ.ഐ.ടി.- കൊടുവള്ളി റോഡ് വികസിപ്പിക്കുന്നതിന് മാവൂർ, പൂളക്കോട്, ചാത്തമംഗലം, കൊടുവള്ളി വില്ലേജുകളിൽ നിന്നായി ഏകദേശം 0.9345 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

മാവൂർ- എൻ.ഐ.ടി.-കൊടുവള്ളി റോഡ് (ചെയിനേജ് 0/000 മുതൽ 13/090 വരെ) 13.09 കി.മീറ്റർ നീളത്തിൽ മതിയായ സൗകര്യങ്ങളോടെ വികസിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

വിശദമായ പദ്ധതി രേഖയിൽ ഭൂമി ഏറ്റെടുക്കലിനായി 7 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 15.02.2020 തീയതിയിലെ നടപടിക്രമം ഉത്തരവ് PWD015-56/APR-5/2020/KIIFB പ്രകാരം, ഭൂമി ഏറ്റെടുക്കലിനുള്ള ചെലവ് ഉൾപ്പടെ നിർദ്ദിഷ്ട പദ്ധതിക്ക് 52.20 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## 4. ഇതരമാർഗങ്ങൾ പരിശോധിക്കൽ

പ്രദേശത്ത് നിലവിലുള്ള റോഡിൻെറ വികസന പദ്ധതിയായതിനാൽ ഇതരമാർഗങ്ങളുടെ പരിഗണന അപ്രസക്തമാണ്

## 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി നിർമ്മാണം ഒറ്റ ഘട്ടമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കും.

## 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

മാവൂർ- എൻ.ഐ.ടി.-കൊടുവള്ളി റോഡ് (ചെയിനേജ് 0/000 മുതൽ 13/090 വരെ), മാവൂർ ജംഗ്ഷനിൽ നിന്ന് തുടങ്ങി വെള്ളലശേരി ജംഗ്ഷൻ, കാട്ടാങ്ങൽ ജംഗ്ഷൻ,

എൻ.ഐ.ടി.റോഡ് എന്നിവിടങ്ങളിലൂടെ കടന്ന് സംസ്ഥാന പാത 68 ൽ കൊടുവള്ളി ജംഗ്ഷൻ വരെ, 13.09 കി.മീറ്റർ നീളത്തിൽ വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 5.5 മീറ്റർ വീതിയിൽ ക്യാരേജ് വെയും, ഇരുവശങ്ങളിലും ഡ്രെയിനേജ് ഉൾപ്പടെ 1.5 മീറ്റർ വീതിയിൽ നടപ്പാതയും ഉൾപ്പടെ റോഡിൻെറ ആകെ വീതി 10 മീറ്റർ ആയിരിക്കും.

***നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ:***

- 1.2 മീറ്റർ വീതിയിൽ ഇരുവശങ്ങളിലും മൂടിയ ഡ്രെയിനേജ്
- കൽവെർട്ടുകൾ
- 15 ബസ് ഷെൽട്ടറുകൾ
- മണിക്കൂറിൽ 65 കി.മീറ്റർ ഡിസൈൻ സ്പീഡ്
- ഡി.ആർ.റീട്ടെയിനിങ്ങ് വാൾ
- സൈൻ ബോർഡ്, റോഡ് മാർക്കിങ്ങ് എന്നിവ ഉൾപ്പടെയുള്ള റോഡ് സുരക്ഷാസംവിധാനങ്ങൾ

## 2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതിപ്രദേശങ്ങളിൽ നിലവിലുള്ള വൈദ്യുതി, ടെലഫോൺ പോസ്റ്റുകൾ, ട്രാൻസ്ഫോർമർ എന്നിവയുടെ പുനസ്ഥാപനം നടത്തേണ്ടതുണ്ട്. പദ്ധതി നിർമാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ ജനസഞ്ചാരവും വാഹന ഗതാഗതവും തടസപ്പെടാതിരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണം. കൂടാതെ പ്രദേശത്തെ കച്ചവടം ഉൾപ്പടെയുള്ള വിവിധ പ്രവർത്തനങ്ങൾ തടസം കൂടാതെ നടക്കുന്നതിനും റോഡിൻെറ ഇരുവശങ്ങളിലുമുള്ള വസ്തുവകകളിലേക്ക് പ്രവേശനം തടസപ്പെടാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ പ്രവൃത്തിഘട്ടത്തിൽ സ്വീകരിക്കേണ്ടതാണ്.

## 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കെ.ആർ.എഫ്.ബി. കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയക്രമീകരണം കരാറുകാരൻ തയ്യാറാക്കുന്ന വർക്ക് ഷെഡ്യൂൾ എന്നിവ കെ.ആർ.എഫ്.ബി. യുടെ എഞ്ചിനീയറിങ്ങ് വിഭാഗം വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ

വിലയിരുത്തലിലൂടെ ഉറപ്പുവരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## 2.9. മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരി നടത്തികൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖയാണ് ഇത്.

## 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

കോഴിക്കോട് ജില്ലയിൽ മാവൂർ– എൻ.ഐ.ടി.–കൊടുവള്ളി റോഡ് വികസിപ്പിക്കുന്നതിന് മാവൂർ, പൂളക്കോട്, ചാത്തമംഗലം, കൊടുവള്ളി വില്ലേജുകളിൽ നിന്നായി ഏകദേശം 0.9345 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ബാധകമായ നിയമങ്ങളും നയങ്ങളും താഴെ പറയുന്നു.

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ 23.09.2015 തീയതിയിലെ G.O(MS)No.485/2015/RD പ്രകാരമുള്ള നയം

# അദ്ധ്യായം 3

# പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

കോഴിക്കോട് ജില്ലയിൽ മാവൂർ– എൻ.ഐ.ടി.–കൊടുവള്ളി റോഡ് വികസിപ്പിക്കുന്നതിന് മാവൂർ, പൂളക്കോട്, ചാത്തമംഗലം, കൊടുവള്ളി വില്ലേജുകളിൽ നിന്നായി ഏകദേശം 0.9345 ഹെക്ടർ ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ച് ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തിക്കൊണ്ട് കോഴിക്കോട് ജില്ലാ കളക്ടറുടെ 8/7/2024 തീയതിയിലെ ഫോറം നമ്പർ 4 വിജ്ഞാപനം (DCKKD/8275/ 2022/B4) 2024 ജൂലൈ 10 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2225 വാല്യം 13 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

## 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി.. ചെയർമാൻ എസ്.ഐ.എ (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന, ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ.ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 4 | ഡോ. ഫാ.ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |

| | | | |
|---|---|---|---|
| 5 | മീന കുരുവിള | എം.എസ്.ഡബ്ല്യു, കൺസൾട്ടൻറ് | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ഡോ. കിരൺ തമ്പി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. റിസേർച്ച് അസ്സോസിയേറ്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 12 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ഡോ. അനിൽ ജോൺ | എം.എസ്.ഡബ്ല്യു, പി.എച്ച്.ഡി. റിസേർച്ച് അസ്സോസിയേറ്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 10 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 9 | മരിയ ടെൻസി വി.എസ്. | എം.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 32 വർഷത്തെ പ്രവർത്തന പരിചയം |
| 10 | രഞ്ജിത് കെ.യു. | ബി.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 29 വർഷത്തെ പ്രവർത്തന പരിചയം |
| 11 | ലിജി വി.ഇ. | എം.എസ്.ഡബ്ല്യു. റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 25 വർഷത്തെ പ്രവർത്തന പരിചയം |
| 12 | ദിവ്യ പി.ജി. | എം.എ. റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 15 വർഷത്തെ പ്രവർത്തന പരിചയം |
| 13 | ബിൽബിൻ കെ വിത്സൺ | ബി.എസ്.സി ഫിസിക്സ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 4 വർഷത്തെ പ്രവർത്തനപരിചയം |

## 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പദ്ധതിബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവും ത്രിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം ഭൂവുടമകൾക്കും, പ്രസ്തുത ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന വ്യക്തികൾക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ,

നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിതരാകുന്ന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 22/08/2024 തീയതിയിൽ അർത്ഥനാധികാരിയുടെ പ്രതിനിധിയൊന്നിച്ച് പദ്ധതിപ്രദേശങ്ങൾ സന്ദർശിക്കുകയും പഠനത്തിനു വേണ്ടി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. തുടർന്ന് 23/08/2024, 24/08/2024 തീയതികളിൽ പദ്ധതിബാധിതമാകുന്ന കടകളും സ്ഥാപനങ്ങളും വീടുകളും സന്ദർശിച്ച് പദ്ധതി ബാധിതരെ നേരിൽ കണ്ട്, മുൻപേ പരിശോധിച്ച് സ്ഥിരീകരിച്ച ചോദ്യാവലി ഉപയോഗിച്ച് അഭിമുഖത്തിലൂടെ വിവരങ്ങൾ ശേഖരിച്ചു. പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചപ്പോൾ നേരിൽ കാണാൻ കഴിയാത്ത ഉടമകളെ ടെലഫോണിൽ ബന്ധപ്പെട്ട് വിവരശേഖരണം നടത്തി. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമുഹിക-സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ കെ.ആർ.എഫ്.ബി. കോഴിക്കോട് കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ഡെപ്പ്യൂട്ടി കളക്ടർ (എൽ.എ), കോഴിക്കോട് കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

നിർദ്ദിഷ്ട പദ്ധതി നിർവ്വഹണവും ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പ്രദേശത്തിന് അഥവാ സമൂഹത്തിന് ഉണ്ടാകുവാൻ ഇടയുള്ള പ്രത്യാഘാതങ്ങൾ പഠനത്തിന് ആവശ്യമായ ത്രിതീയ വിവരങ്ങളാണ്. പ്രദേശങ്ങളിലെ ജനപ്രതിനിധികളുമായി ടെലിഫോണിലൂടെ നടത്തിയ അഭിമുഖങ്ങളിലൂടെയാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിപ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചും, സാമൂഹ്യ-സാമ്പത്തിക സർവെയിലൂടെയും അഭിമുഖങ്ങളിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ചതിൻെറയും അടിസ്ഥാനത്തിലാണ് പഠനത്തിൻെറ കരട് രേഖ തയ്യാറാക്കിയിരി

ക്കുന്നത്. ടി രേഖ പഠനയൂണിറ്റിൻെറയും ജില്ലാഭരണ കാര്യാലയത്തി ൻെറയും വെബ് സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്തുകയും പ്രാദേശിക ഭരണ കാര്യാലയങ്ങളിൽ ലഭ്യമാക്കുകയും ചെയ്തതിനുശേഷം പദ്ധതിബാധിതർക്ക് അറിയിപ്പ് നൽകികൊണ്ട് 20/11/2024 തീയതി ഉച്ചയ്ക്ക് ശേഷം 2.30 ന് മാവൂർ ഗ്രാമപഞ്ചായത്ത് ഹാളിലും 21/11/2024 തീയതി രാവിലെ 10.30 ന് കൊടുവള്ളി മുനിസിപ്പാലിറ്റി ഹാളിലും പബ്ലിക് ഹിയറിങ്ങുകൾ സംഘടിപ്പിക്കും. പദ്ധതിബാധിതർക്കും ജനപ്രതിനിധികൾക്കും തൽപ്പര കക്ഷികൾക്കും പദ്ധതിയെക്കുറിച്ച് അഭിപ്രായങ്ങൾ പറയുന്നതിനും സംശയങ്ങൾ ദൂരീകരി ക്കുന്നതിനുമുള്ള വേദിയായിരിക്കും പബ്ലിക് ഹിയറിങ്ങുകൾ. അർത്ഥനാധികാരിയുടെയും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻെറയും സാന്നിദ്ധ്യം പ്രസ്തുത പബ്ലിക് ഹിയറിങ്ങിൽ പ്രതീക്ഷിക്കുന്നു.

## 3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് മാതൃകാ പരിശോധനാ രീതിയേ ക്കാൾ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് അഭികാമ്യം. ആയതിനാൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന എല്ലാ വസ്തുവക കളുടെയും ഉടമകളിൽ നിന്നും സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തിയിരുന്നു.

## 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, കൂടാതെ ഭൂവുടമകളെ നേരിൽ കണ്ട് പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖത്തിലൂടെയുമാണ് പഠനത്തിന് ആവശ്യ മായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമുഹിക-സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടു ക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ കെ.ആർ.എഫ്.ബി. കോഴിക്കോട് കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ഡെപ്പ്യൂട്ടി കളക്ടർ (എൽ.എ), കോഴിക്കോട് കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

പദ്ധതിമൂലം പൊതുസമൂഹത്തിനുണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഭൂവുടമകളുമായും ജനപ്രതിനിധികളുമായും നടത്തിയ അഭിമുഖങ്ങളിലൂടെ മനസിലാക്കി.

## 3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനവുമായി ബന്ധപ്പെട്ട് എസ്.ഐ.എ.പഠനസംഘം നടത്തിയ പ്രവർത്തനങ്ങൾ പട്ടിക 3.5.1 ൽ നൽകിയിരിക്കുന്നു

***പട്ടിക 3.5.1. പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ***

| *പ്രവർത്തനങ്ങൾ* | *തീയതി* |
|---|---|
| കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥനൊന്നിച്ച് പദ്ധതി പ്രദേശം സന്ദർശനവും, പഠന ചോദ്യാവലിയുടെ പരിശോധനയും | 22.08.2024 |
| പദ്ധതി പ്രദേശത്ത് സന്ദർശനവും സാമൂഹ്യ സാമ്പത്തിക സർവെ | 22.08.2024, 23.08.2024, 24.08.2024 |
| മാവൂർ പഞ്ചായത്ത് സന്ദർശനവും വൈസ് പ്രസിഡൻറുമായി കൂടികാഴ്ചയും | 16/01/2024 |
| പദ്ധതി പ്രദേശത്തെ ഏതാനും ജനപ്രതിനിധികളുമായി ടെലഫോണിൽ അഭിമുഖം | 24.09.2024 |
| കരട് രേഖ പ്രസിദ്ധപ്പെടുത്തൽ | 4/11/2024 |

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി 20/11/2024 തീയതി ഉച്ചയ്ക്ക് ശേഷം 2.30 ന് മാവൂർ ഗ്രാമപഞ്ചായത്ത് ഹാളിലും 21/11/2024 തീയതി രാവിലെ 10.30 ന് കൊടുവള്ളി മുനിസിപ്പാലിറ്റി ഹാളിലും പബ്ലിക് ഹിയറിങ്ങുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു

# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

കോഴിക്കോട് ജില്ലയിൽ, കൊടുവള്ളി മുനിസിപ്പാലിറ്റിയിലെ 15, 19, 20, 23, 27, 28 ഡിവിഷനുകളിലും, ചാത്തമംഗലം പഞ്ചായത്തിലെ 2, 5, 6, 12, 13, 14, 21, 23 വാർഡുകളിലും, മാവൂർ പഞ്ചായത്തിലെ 7, 8, 9, 10, 12, 13 വാർഡുകളിലും ഉൾപ്പെടുന്നവയാണ് പദ്ധതി പ്രദേശങ്ങൾ. മാവൂർ–എൻ.ഐ.ടി.–കൊടുവള്ളി റോഡിന് ഇരുവശങ്ങളിലുമുള്ള വീടുകളോടും കടകളോടും, മോസ്ക്കുകൾ, സ്ക്കൂൾ തുടങ്ങിയ സ്ഥാപനങ്ങളോടും അനുബന്ധമായി കിടക്കുന്ന ഭൂമിയും, കൃഷിയിടങ്ങളുമാണ് പദ്ധതി ക്കായി ഏറ്റെടുക്കപ്പെടുന്നത്. എൻ.ഐ.ടി, എം.വി.ആർ.ക്യാൻസർ സെൻറർ എന്നീ സ്ഥാപനങ്ങളും പദ്ധതി പ്രദേശത്തിന് സമീപത്തായി സ്ഥിതി ചെയ്യുന്നു. മാവൂർ ജംഗ്ഷനിൽ നിന്ന് തുടങ്ങി വെള്ളലശേരി ജംഗ്ഷൻ, കാട്ടാങ്ങൽ ജംഗ്ഷൻ, എൻ.ഐ.ടി. റോഡ് എന്നിവിടങ്ങളിലൂടെ കടന്ന് സംസ്ഥാന പാത 68 ൽ കൊടുവള്ളി ജംഗ്ഷൻ വരെയാണ് റോഡ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

## 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

മാവൂർ–എൻ.ഐ.ടി.–കൊടുവള്ളി റോഡ് മതിയായ സൗകര്യങ്ങളോടുകൂടി വികസിപ്പിക്കു മ്പോൾ പ്രദേശത്തുകൂടെ സുഗമമായ ഗതാഗതം സാധ്യമാകും. പദ്ധതിക്ക് വേണ്ടി റോഡിന് ഇരുവശത്തു നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ കുടുംബങ്ങളെ കുടി ഒഴി പ്പിക്കേണ്ടി വരുന്നില്ല. ഉപജീവനമാർഗം നഷ്ടമാകൽ എന്നതും നാമമാത്രമായാണ് ഉണ്ടാകുന്നത് എന്ന് മനസിലാക്കുന്നു. റോഡിന് ഇരുവശങ്ങളിലുമുള്ള കെട്ടിടങ്ങൾക്കും വലിയ തോതിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നില്ല എന്ന് വിലയിരുത്തപ്പെടുന്നു. റോഡിന് ഇരുവശങ്ങളിലുമുള്ള ഭൂമിയുടെ ചുറ്റുമതിലുകൾ, ഏകദേശം 90 ഉടമകളുടെ, പുനർ നിർമ്മിക്കേണ്ടി വരും എന്നതും, മരങ്ങൾ മുറിച്ച് മാറ്റേണ്ടി വരും എന്നതുമാണ് കൂടുതലായും കാണുന്ന പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ അദ്ധ്യായം 1ൽ പട്ടിക 1.5.1.ൽ വിശകലനം ചെയ്തിട്ടുണ്ട്. ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള ഉടമകളുടെ വിവരങ്ങളും, ഓരോ ഉടമയ്ക്കും ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങളും ടി റിപ്പോർട്ടിൻെറ അനുബന്ധം 1 ൽ നൽകിയിട്ടുണ്ട്.

## 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

2024 ജൂലൈ 10 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2225 വാല്യം 13 ൽ പ്രസിദ്ധപ്പെടുത്തിയ കോഴിക്കോട് ജില്ലാ കളക്ടറുടെ 8/7/2024 തീയതിയിലെ ഫോറം നമ്പർ 4 വിജ്ഞാപനം (DCKKD/8275/2022/B4) അനുസരിച്ച് കോഴിക്കോട് ജില്ലയിൽ മാവൂർ–എൻ.ഐ.ടി.–കൊടുവള്ളി റോഡ് വികസിപ്പിക്കുന്നതിന് ഏകദേശം 0.9345 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്. ടി ഭൂമി മാവൂർ, പൂളക്കോട്, ചാത്തമംഗലം, കൊടുവള്ളി വില്ലേജുകളിൽ ഉൾപ്പെടുന്നു.

## 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

മാവൂർ–എൻ.ഐ.ടി.–കൊടുവള്ളി റോഡിൻെറ വിവിധ പ്രദേശങ്ങളിൽ റോഡിനോട് ചേർന്ന് സർക്കാർ പുറമ്പോക്ക് ഭൂമിയുള്ളതായി സർവെയിൽ വിവരദാതാക്കൾ പ്രതികരിച്ചിരുന്നു.

## 4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം

പദ്ധതിക്ക് വേണ്ടി മുൻപേ സ്ഥലം ഏറ്റെടുത്തിട്ടില്ല

## 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും


കോഴിക്കോട് താലൂക്കിൽ ഉൾപ്പെടുന്ന മാവൂർ, പൂളക്കോട്, ചാത്തമംഗലം വില്ലേജുകളിൽ നിന്നും താമരശേരി താലൂക്കിലെ കൊടുവള്ളി വില്ലേജിൽ നിന്നുമാണ് മാവൂർ–എൻ.ഐ.ടി.–കൊടുവള്ളി റോഡിൻെറ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നത്.

ഏകദേശം 0.9345 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനായി വിജ്ഞാപനം ചെയ്തിരിക്കുന്നത്.

## 4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ


സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി നടത്തിയ സർവെയിൽ ഭൂവുടമകളിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും തുടർന്ന് പ്രതിപാദിക്കുന്നു.

***ചിത്രം 4.7.1. പദ്ധതിബാധിതഭൂമിയുടെ തരം***




സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ 204 ഭൂവുടമകളിൽ 170 ഉടമകളുടെ ഭൂമി തോട്ടം വിഭാഗത്തിലും, 8 ഉടമകളുടെ ഭൂമി അസ്ഥിര പുഞ്ച വിഭാഗത്തിലും, 8 ഉടമകളുടെ ഭൂമി സ്ഥിര പുഞ്ച വിഭാഗത്തിലും ഉൾപ്പെടുന്നു. 18 ഉടമകളിൽ നിന്ന് ടി വിവരം ലഭിച്ചില്ല

*ചിത്രം 4.7.2. പദ്ധതിബാധിതഭൂമിയുടെ നിലവിലെ ഉപയോഗം*




പദ്ധതി ബാധിത ഭൂമിയുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, 127 ഉടമകളുടെ ഭൂമി താമസത്തിനും, 38 ഉടമകളുടെ ഭൂമി കച്ചവട ആവശ്യത്തിനും, 4 ഉടമകളുടെ ഭൂമി താമസത്തിനും കച്ചവട ആവശ്യത്തിനുമായും, 4 ഉടമകളുടെ ഭൂമി കൃഷിക്കും, ഉപയോഗി ക്കുന്നതായി മനസിലാക്കുന്നു. 17 ഉടമകളുടെ ഭൂമി തരിശ് ഭൂമിയാണ്. പദ്ധതി ബാധിതമാകുന്ന 4 ഉടമകളുടെ ഭൂമി വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധമായതും, 7 ഉടമകളുടെ ഭൂമി ആരാധനാലയങ്ങളോട് അനുബന്ധമായതുമാണ്

## 4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥല ത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിപ്രദേശത്ത് ഭൂവുടമകൾക്ക് കൈവശമായ ഭൂമിയുടെ ആകെ അളവിനെ സംബന്ധിച്ച വിവരങ്ങൾ 155 ഉടമകളിൽ നിന്നാണ് ലഭിച്ചത്. ലഭ്യമായ വിവരം അനുസരിച്ച് ഭൂവുട മകൾക്ക് പദ്ധതിപ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് പട്ടിക 4.8.1.ൽ നൽകി യിരിക്കുന്നു.

***പട്ടിക 4.8.1 : ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് ആകെ കൈവശമായ ഭൂമി***

| ***ക്രമ നമ്പർ*** | ***കൈവശഭൂമിയുടെ അളവ്*** | ***ഉടമകളുടെ എണ്ണം*** |
|---|---|---|
| 1 | 5 സെൻറിൽ താഴെ | 23 |
| 2 | 5–10 സെൻറ് | 33 |
| 3 | 10–15 സെൻറ് | 31 |
| 4 | 15–25 സെൻറ് | 24 |
| 5 | 25–40 സെൻറ് | 19 |
| 6 | 40–60 സെൻറ് | 14 |
| 7 | 60 സെൻറ്–1 ഏക്കർ | 7 |
| 5 | 1 ഏക്കറും അതിൽ കൂടുതലും | 4 |
| **ടി വിവരം നൽകിയ ആകെ ഉടമകൾ** | | **155** |

പദ്ധതിബാധിത വസ്തുവകകളിൽ 175 എണ്ണം വ്യക്തിഗത ഉടമസ്ഥതയിലും, 17 എണ്ണം വ്യക്തികളുടെ കൂട്ടുടമസ്ഥതയിലുമുള്ളതാണെന്ന് മനസിലാക്കുന്നു. 7 എണ്ണം ആദ്ധ്യാൽമിക സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ്. സംസ്ഥന സർക്കാരിൻെറ കീഴിലുള്ള 2 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലങ്ങളും 2 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സ്ഥലങ്ങളും കൂടാതെ കേന്ദ്ര സർക്കാരിൻെറ കീഴിലുള്ള എൻ.ഐ.ടി. യുടെ സ്ഥലവും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട്.

പദ്ധതിബാധിത വസ്തുവകകൾ ഉടമകൾക്ക് കൈവശമായ കാലാവധിയെക്കുറിച്ചുള്ള വിവരങ്ങൾ 150 ഉടമകളിൽ നിന്നാണ് ലഭിച്ചത്. പ്രസ്തുത വിവരങ്ങൾ പട്ടിക 4.8.2.ൽ നൽകിയിരിക്കുന്നു.

***പട്ടിക 4.8.2. ഭൂവുടമകൾക്ക് പദ്ധതിബാധിത വസ്തു കൈവശമായ കാലാവധി***

| ***ക്രമ നമ്പർ*** | ***കൈവശമായ കാലായളവ്*** | ***ഉടമകളുടെ എണ്ണം*** |
|---|---|---|
| 1 | 5 വർഷത്തിനുള്ളിൽ | 20 |
| 2 | 5–15 വർഷം | 42 |
| 3 | 15–30 വർഷം | 52 |

| | | |
|---|---|---|
| 4 | 30–45 വർഷം | 18 |
| 5 | 45–60 വർഷം | 15 |
| 6 | 60 വർഷവും അതിൽ കൂടുതലും | 3 |
| 7 | വിവരം ലഭ്യമല്ലാത്തത് | 19 |
| **ആകെ** | | **150** |

പദ്ധതിപ്രദേശങ്ങളിൽ ജനവാസസ്ഥലങ്ങൾ ഉൾപ്പെടുന്നുണ്ട്. എന്നിരുന്നാലും 1 ഉടമ വാടകക്ക് നൽകിയിരിക്കുന്ന ഒരു വീട് മാത്രമേ പദ്ധതിബാധിതമാകുന്നുള്ളു എന്ന് മനസിലാക്കുന്നു

## 4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

ഭൂവുടമകൾ സർവ്വെയിൽ നൽകിയ വിവരമനുസരിച്ച് പദ്ധതിബാധിതമാകുന്ന വസ്തുക്കളിൽ 4 വസ്തുക്കൾ നിലവിലെ അവകാശികൾക്ക് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ കൈമാറ്റം ചെയ്യപ്പെട്ടതാണെന്ന് മനസിലാക്കുന്നു

പദ്ധതിബാധിത വസ്തുക്കളുടെ ഉപയോഗത്തിൽ കഴിഞ്ഞ 3 വർഷക്കാലത്തിനിടയിൽ മാറ്റമുള്ളതായി വിവരം ലഭിച്ചിട്ടില്ല.

# അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

കോഴിക്കോട് ജില്ലയിൽ മാവൂർ-എൻ.ഐ.ടി.-കൊടുവള്ളി റോഡ് വികസിപ്പിക്കുന്നതിന് ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിരിക്കുന്ന വസ്തുവകകളുടെ ഉടമകളുടെ വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയിലെ ആസ്തികളുടെ വിവരങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

## 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിതരായും, ഉപജീവനത്തിനോ, താമസത്തിനോ, മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. പദ്ധതിപ്രദേശത്ത് വ്യാപാര-വ്യവസായങ്ങൾ നടക്കുന്ന കെട്ടിടങ്ങളിൽ ചിലത് ചെറിയ തോതിൽ പദ്ധതിബാധിതമാകുന്നതിനാൽ നിർദ്ദിഷ്ട പദ്ധതിക്ക് പരോക്ഷമായ പ്രത്യാഘാതങ്ങളുമുണ്ട് എന്ന് മനസിലാക്കുന്നു.

### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

പദ്ധതിക്കായി അടയാളപ്പെടുത്തിയിരിക്കുന്ന വസ്തുവകകളുടെ 204 ഉടമകളെയാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേര് വിവരങ്ങളും, പ്രദേശത്ത് ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്ന പ്രകാരം ഉടമകൾക്ക് നഷ്ടമായേക്കാവുന്ന ആസ്തികളുടെ ഏകദേശ വിവരങ്ങളും ടി റിപ്പോർട്ടിൽ അനുബന്ധം 1 ആയി നൽകിയിരിക്കുന്നു

## 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസി കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

## 5.3. പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

പൊതുവിഭവങ്ങൾ പദ്ധതിപ്രദേശത്തില്ല

## 5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതി യിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ളതും, കുടുംബങ്ങൾക്ക് കൈവ ശരേഖ ലഭിച്ചിട്ടുള്ള ഭൂമിയും ഏറ്റെടുക്കലിനായി മാർക്ക് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് മനസിലാ ക്കുന്നു. നിലവിലെ മാർക്കിങ്ങ് പ്രകാരം കുടുംബങ്ങളുടെ വീടുകൾ പദ്ധതിബാധിത മാകുന്നില്ല

## 5.5. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

കുടുംബങ്ങൾ താമസിക്കുന്ന വീടുകൾ പദ്ധതിബാധിതമാകുന്നില്ല

## 5.6. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമി യിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടും ബങ്ങൾ

നിർമ്മിതികൾ വളരെ കുറവ് അളവിൽ മാത്രമേ പദ്ധതിബാധിതമാകുന്നുള്ളു എന്ന തിനാൽ നിലവിലെ അടയാളപ്പെടുത്തൽ അനുസരിച്ച് ഉപജീവനമാർഗത്തെ കാര്യമായി ബാധിക്കപ്പെടുന്നില്ല എന്ന് മനസിലാക്കുന്നു. എന്നിരുന്നാലും ചെറിയ തോതിലെങ്കിലും പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങൾക്ക് അറ്റകുറ്റ പണി വേണ്ടി വരുന്ന അവസരത്തിൽ പ്രസ്തുത കെട്ടിടങ്ങളിൽ ഉപജീവനപ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾക്കും തൊഴിലാ ളികൾക്കും താൽക്കാലികമായി ഉപജീവനം തടസപ്പെടുവാൻ സാധ്യതയുണ്ട്. കൂടാതെ വീടിന്റെ മുൻവശത്തെ സ്ഥലം നഷ്ടമാകുന്നതുമൂലം കളിമൺ പാത്രനിർമ്മാണം നടത്തി ഉപജീവനം നടത്തുന്ന ഒരു കുടുംബത്തിന് ഉപജീവനമാർഗം തുടർന്ന് നടത്തുവാൻ ബുദ്ധിമുട്ട് ആയിരിക്കും എന്ന് ടി കുടുംബം ആശങ്കപ്പെടുന്നു.

### 5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാത ബാധിതരാകുന്നവർ)

കെട്ടിടങ്ങൾക്ക് അറ്റകുറ്റപണി വേണ്ടിവരുന്ന സാഹചര്യത്തിൽ താൽക്കാലികമായി ഉപജീവനം തടസപ്പെട്ടേക്കാവുന്ന വ്യക്തികളിൽ ഭൂവുടമകൾ അല്ലാത്ത വാടകക്കാരും തൊഴിലാളികളുമുണ്ട്. പ്രസ്തുത വ്യക്തികളിൽ 3 വർഷമോ അതിലധികമോ ആയി പദ്ധതിബാധിത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവരെ പദ്ധതിയുടെ പരോക്ഷ ആഘാതബാധിതരായി കാണാവുന്നതാണ്. ടി വ്യക്തികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി നൽകിയിട്ടുണ്ട്.

### 5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ തെങ്ങ്, കവുങ്ങ്, മാവ് തുടങ്ങിയ ധാരാളം ഫലദായക വൃക്ഷങ്ങളുണ്ട്. പദ്ധതിബാധിതമായേക്കാവുന്ന വൃക്ഷങ്ങളുടെ ഏകദേശ വിവരങ്ങൾ ടി റിപ്പോർട്ടിന്റെ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൈത്തുട്ടിമുക്ക് ഏരിയ മുസ്ലീം ജുമായത്ത് കമ്മിറ്റി,. ചൂലൂർ വെള്ളലശേരി ജുമായത്ത് പള്ളി, കൊട്ടിമുക്ക് ജുമാ മസ്ജിദ്, കിഴക്കം പറമ്പ് ജുമാമസ്ജിദ് & ദർസ് പള്ളി, വെള്ളലശേരി ജുമാമസ്ജിദ്, മസ്ജിദുൽ സലാം, തലപെരുമണ്ണ, കീപ്പൊയിൽ പള്ളി, കൊടുവള്ളി എന്നീ ആരാധനാലയങ്ങളും, ഗവണ്മെൻറ് മാപ്പിള എൽ. പി.സ്ക്കൂൾ, തലപെരുമണ്ണ, എയ്ഡഡ് എൽ.പി.സ്ക്കൂൾ ചൂലൂർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കൊടുവള്ളി എന്നീ വിദ്യാഭ്യാസസ്ഥാപനങ്ങളും പദ്ധതി പ്രദേശത്തുണ്ട്.

.

# അദ്ധ്യായം 6
# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

ഭൂവുടമകളുടെയും പദ്ധതിപ്രദേശത്തിൻെറയും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പശ്ചാത്തലങ്ങളാണ് ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

## 6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിബാധിതരാകുന്ന 134 ഉടമകളുടെ കുടുംബങ്ങളാണ് പദ്ധതിപ്രദേശത്ത് താമസിക്കുന്നത്. പദ്ധതിപ്രദേശത്ത് താമസിക്കുന്നത്. പ്രസ്തുത കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകിയിരിക്കുന്നു.

***പട്ടിക 6.1.1. പദ്ധതിപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ***

| **പ്രായം** | **പുരുഷൻ** | **സ്ത്രീ** |
|---|---|---|
| 0–18 | 98 | 97 |
| 18–60 | 199 | 218 |
| 60 ന് മുകളിൽ | 62 | 65 |
| **ആകെ** | **359** | **380** |

പദ്ധതിപ്രദേശത്ത് താമസിക്കുന്നതും പദ്ധതിബാധിതരാകുന്നതുമായ 134 കുടുംബങ്ങളിലെ ആകെ ജനസംഖ്യ 739 ആണെന്നും ഇവരിൽ 359 പേർ പുരുഷന്മാരും 380 പേർ സ്ത്രീകളുമാണെന്നും മനസിലാക്കുന്നു. പ്രായവും ലിംഗഭേദവും അനുസരിച്ചുള്ള കുടുംബാംഗങ്ങളുടെ എണ്ണം പട്ടിക 6.1.1.ൽ നൽകിയിരിക്കുന്നു

## 6.2. വരുമാനവും ദാരിദ്ര്യതലവും


പദ്ധതി ബാധിതമാകുന്ന വസ്തുവകകളിൽ 11 എണ്ണം സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ്. അവശേഷിക്കുന്ന 193 കുടുംബങ്ങളിൽ നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വെയിൽ കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള ചോദ്യങ്ങൾ

ഉൾപ്പെടുത്തിയിരുന്നു. കുടുംബങ്ങളുടെ പ്രധാന വരുമാനമാർഗത്തെക്കുറിച്ചുള്ള ചോദ്യത്തിന് 144 ഉടമകളാണ് പ്രതികരിച്ചത്. സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് 144 ഉടമകളുടെ പ്രധാന ഉപജീവനമാർഗം പട്ടിക 6.2.1.ൽ നൽകിയിരിക്കുന്നു

***പട്ടിക 6.2.1.: പദ്ധതിബാധിത കുടുംബങ്ങളുടെ പ്രധാന ഉപജീവനമാർഗം***

| ***ക്രമ നമ്പർ*** | ***ഉപജീവനമാർഗം*** | ***കുടുംബങ്ങളുടെ എണ്ണം*** |
|---|---|---|
| 1 | കൃഷി | 11 |
| 2 | ബിസിനസ് | 35 |
| 3 | സർക്കാർ ജോലി | 10 |
| 4 | സ്വകാര്യമേഖലയിൽ ജോലി | 12 |
| 5 | വിദഗ്ദ്ധ തൊഴിലാളി | 12 |
| 6 | പ്രവാസി | 15 |
| 7 | അവിദഗ്ദ്ധ തൊഴിലാളി | 15 |
| 8 | കെട്ടിടവാടക | 11 |
| 9 | ഡോക്ടർ | 1 |
| 10 | പെൻഷൻ | 17 |
| 11 | അദ്ധ്യാപകൻ | 3 |
| 12 | ബാങ്ക് ജോലി | 2 |
| | **ആകെ** | **144** |


***ചിത്രം 6.2.1.: പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായ റേഷൻ കാർഡിന്റെ വിവരങ്ങൾ***




പൊതുവിതരണ സമ്പ്രദായമനുസരിച്ച്, പദ്ധതിബാധിത കുടുംബങ്ങളിൽ 1% കുടുംബങ്ങൾക്ക് മഞ്ഞ നിറത്തിലും, 13% കുടുംബങ്ങൾക്ക് പിങ്ക് നിറത്തിലും, 34%

കുടുംബങ്ങൾക്ക് നീലനിറത്തിലും, 51% കുടുംബങ്ങൾക്ക് വെള്ളനിറത്തിലുമുള്ള റേഷൻ കാർഡാണ് ലഭ്യമായിട്ടുള്ളത് എന്ന് മനസിലാക്കുന്നു. റേഷൻ കാർഡ് ലഭിച്ചിട്ടില്ലാത്ത 1% കുടുംബങ്ങൾ പദ്ധതി പ്രദേശത്തുണ്ട് എന്ന് മനസിലാക്കുന്നു.

***ചിത്രം 6.2.2.:*** **പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദാതാക്കളുടെയും ആശ്രിതരുടെയും അനുപാതം**




പദ്ധതിബാധിതരാകുന്ന 126 കുടുംബങ്ങളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് കുടുംബങ്ങളിലെ വരുമാനദാതാക്കളുടെയും ആശ്രിതരുടെയും അനുപാതം ചിത്രം 6.2.2 ൽ നൽകിയിരിക്കുന്നു. ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിതരിൽ വരുമാനദാതാക്കൾ ആരും ഇല്ലാത്ത 3 കുടുംബങ്ങൾ ഉണ്ടെന്നും ടി കുടുംബങ്ങളിൽ ആശ്രിതരുടെ എണ്ണം യഥാക്രമം 2,3,4 ആണെന്നും മനസിലാക്കുന്നു.

## 6.3. ദുർബല ജനവിഭാഗം

പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ 43 പേർ 60 വയസിനു മുകളിൽ പ്രായമുള്ളവരാണ്, ഇവരിൽ പലരും വാർദ്ധക്യസഹജമായ അസുഖങ്ങളുള്ളവരാണ്. കൂടാതെ

ഭൂവുടമകളിൽ ഒരു വ്യക്തി പക്ഷാഘാത ബാധിതനും 1 വ്യക്തി ഹൃദ്രോഗിയുമാണെന്ന് സാമൂഹ്യ സാമ്പത്തിക സർവെയിൽ ലഭിച്ച വിവരമനുസരിച്ച് മനസിലാക്കുന്നു.

## 6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതി ബാധിത ഭൂമിയുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, 127 ഉടമകളുടെ ഭൂമി താമസത്തിനും, 38 ഉടമകളുടെ ഭൂമി കച്ചവട ആവശ്യത്തിനും, 4 ഉടമകളുടെ ഭൂമി താമസത്തിനും കച്ചവട ആവശ്യത്തിനുമായും, 4 ഉടമകളുടെ ഭൂമി കൃഷിക്കും, ഉപയോഗി ക്കുന്നതായി മനസിലാക്കുന്നു. 17 ഉടമകളുടെ ഭൂമി ഉടമകൾ കൈവശ വസ്തുവായി മാത്രം ഉപയോഗിക്കുന്നു. പദ്ധതിബാധിതമാകുന്ന 4 ഉടമകളുടെ ഭൂമി വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധമായതും, 7 ഉടമകളുടെ ഭൂമി ആരാധനാലയങ്ങളോട് അനുബന്ധമായതുമാണ്.

ഏറ്റെടുക്കുന്ന ഭൂമി റോഡിന് ഇരുവശങ്ങളിലുമുള്ള വീടുകളോടും വിവിധ ഉപജീവന പ്രവർത്തനങ്ങൾ നടക്കുന്ന കെട്ടിടങ്ങളോടും അനുബന്ധമായ സ്ഥലങ്ങളാണ്. പക്ഷെ നിർമ്മിതികൾ വളരെ കുറവ് അളവിൽ മാത്രമേ പദ്ധതിബാധിതമാകുന്നുള്ളു എന്നതി നാൽ നിലവിലെ അടയാളപ്പെടുത്തൽ അനുസരിച്ച് ഉപജീവനമാർഗത്തെ കാര്യമായി ബാധിക്കുന്നില്ല എന്ന് മനസിലാക്കുന്നു. എന്നിരുന്നാലും ചെറിയ തോതിലെങ്കിലും പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങൾക്ക് അറ്റകുറ്റ പണി വേണ്ടി വരുന്ന അവസരത്തിൽ പ്രസ്തുത കെട്ടിടങ്ങളിൽ ഉപജീവനപ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾക്കും തൊഴിലാ ളികൾക്കും താൽക്കാലികമായി ഉപജീവനം തടസപ്പെടുവാൻ സാധ്യതയുണ്ട്. കൂടാതെ വീടിന്റെ മുൻവശത്തെ സ്ഥലം നഷ്ടമാകുന്നതു മൂലം കളിമൺ പാത്രനിർമ്മാണം നടത്തി ഉപജീവനം നടത്തുന്ന ഒരു കുടുംബത്തിന് ഉപജീവനമാർഗം തുടർന്ന് നടത്തുവാൻ ബുദ്ധിമുട്ട് ആയിരിക്കും എന്ന് ടി കുടുംബം ആശങ്കപ്പെടുന്നു.

## 6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ പദ്ധതി ബാധിതമാകുന്നില്ല


## 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രാദേശിക ഉപജീവന ഘടകങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

## 6.7. കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതിബാധിതരാകുന്ന കുടുംബങ്ങളിൽ ഭൂരിഭാഗവും അണുകുടുംബങ്ങളാണ്. എന്നിരുന്നാലും ഏറ്റെടുക്കപ്പെടുന്ന വസ്തുവകകളിൽ കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും കൂട്ടുടമസ്ഥതയിലുള്ള വസ്തുക്കളുമുണ്ടെന്ന് മനസിലാക്കുന്നു.

***ചിത്രം 6.7.1. പദ്ധതിബാധിത കുടുംബങ്ങളുടെ മതം***




പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹിക പശ്ചാത്തലം വിലയിരുത്തുമ്പോൾ, 61% കുടുംബങ്ങൾ മുസ്ലിം മതവിഭാഗത്തിലും, 38% കുടുംബങ്ങൾ ഹിന്ദുമതത്തിലും, 1% കുടുംബങ്ങൾ ക്രിസ്തുമതത്തിലും ഉള്ളവരാണെന്ന് മനസിലാക്കുന്നു. പ്രസ്തുത കുടുംബങ്ങളിൽ 2.6% കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിലും, 77.7% കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. ശേഷിക്കുന്ന 38% കുടുംബങ്ങൾ പൊതുവിഭാഗത്തിൽ പെടുന്നു

## 6.8. ഭരണ സംഘടനകൾ

